**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1255** 10-10-2024 - ൽ മറുപടിയ്ക്ക്

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ കോളേജ്, സാംസ്കാരിക കേന്ദ്രം, ഐ.ടി.ഐ കെട്ടിട നിർമ്മാണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിനാനൂർ-കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, വെള്ളിക്കോത്ത് വിദ്വാൻ പി.കേളു നായർ ദേശീയ സാംസ്കാരിക കേന്ദ്രം, കോടോത്ത് ഗവ. ഐ.ടി.ഐ. എന്നിവയ്ക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | **കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിനാനൂർ കരിന്തളം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്, വെള്ളിക്കോത്ത് വിദ്വാൻ പി കേളു നായർ ദേശീയ സാംസ്കാരിക കേന്ദ്രം, കോടോത്ത് ഗവ. ഐ.ടി.ഐ എന്നിവയ്ക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു:**<br><br>**1. <u>കിനാനൂർ - കരിന്തളം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്</u>**<br><br>**Higher Education Department -ൽ നിന്നും 682 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായ പദ്ധതിയാണ് ഇത്. 15/02/2024- ന് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 01/10/2024-ൽ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള കരാർ ഒപ്പ് വച്ചിട്ടുണ്ട്. പ്രവർത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**ടി പ്രവൃത്തിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി ഉത്തരവ് നമ്പർ G.O (Rt) No. 1070/2021/PWD dated 01/12/2021 പ്രകാരം 594 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി ഭരണാനുമതിയിൽ പ്രവൃത്തിയുടെ പേര് പുനർനാമകരണം ചെയ്യണമെന്ന ആവശ്യം ഉന്നയിച്ച് ലഭിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.**<br><br>**2. <u>വിദ്വാൻ പി. കേളു നായർ സാംസ്കാരിക കേന്ദ്രം കെട്ടിട നിർമ്മാണം</u>**<br><br>**പദ്ധതിയ്ക്കായി 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രവൃത്തിയുടെ ഭാഗമായി ബോർവെൽ കുഴിക്കുന്നതിന് 1,92,000/- രൂപയുടെ Part TS നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി എസ്റ്റിമേറ്റിന്** |

| | | | |
|---|---|---|---|
| | | | സാങ്കേതികാനുമതി നൽകുന്നതിനായി ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗത്തിന്റെ കാര്യാലയത്തിൽ പരിശോധിച്ച് വരികയാണ്.<br><br>3. <u>കോടോത്ത് ഗവ. ഐ.ടി.ഐ</u><br><br>ഈ പ്രവൃത്തിക്ക് 609.24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിയുടെ Architectural Drawing - 06/05/2024 ന് പൂർത്തീകരിച്ചു. ഇതിന്റെ മണ്ണ് പരിശോധന 13/03/2024-ന് പൂർത്തിയായിട്ടുണ്ട്. ആയത് പ്രകാരമുള്ള Design Drawing തയ്യാറാക്കി വരുന്നു. |
| (ബി) | ഓരോ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ബി) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിനാനൂർ കരിന്തളം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്, വെള്ളിക്കോത്ത് വിദ്വാൻ പി കേളു നായർ ദേശീയ സാംസ്കാരിക കേന്ദ്രം, കോടോത്ത് ഗവ. ഐ.ടി.ഐ എന്നിവയ്ക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു:<br><br>1. <u>കിനാനൂർ - കരിന്തളം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്</u><br><br>Higher Education Department -ൽ നിന്നും 682 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായ പദ്ധതിയാണ് ഇത്. 15/02/2024- ന് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 01/10/2024-ൽ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള കരാർ ഒപ്പ് വച്ചിട്ടുണ്ട്. പ്രവർത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ടി പ്രവൃത്തിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി ഉത്തരവ് നമ്പർ G.O (Rt) No. 1070/2021/PWD dated 01/12/2021 പ്രകാരം 594 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി ഭരണാനുമതിയിൽ പ്രവൃത്തിയുടെ പേര് പുനർനാമകരണം ചെയ്യണമെന്ന ആവശ്യം ഉന്നയിച്ച് ലഭിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.<br><br>2. <u>വിദ്വാൻ പി. കേളു നായർ സാംസ്കാരിക കേന്ദ്രം കെട്ടിട നിർമ്മാണം</u><br><br>പദ്ധതിയ്ക്കായി 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രവൃത്തിയുടെ ഭാഗമായി ബോർവെൽ കുഴിക്കുന്നതിന് 1,92,000/- രൂപയുടെ Part TS നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനായി ചീഫ് |

| | | | |
|---|---|---|---|
| | | | **എഞ്ചിനീയർ കെട്ടിട വിഭാഗത്തിന്റെ കാര്യാലയത്തിൽ പരിശോധിച്ച് വരികയാണ്.**<br><br>**3. <u>കോടോത്ത് ഗവ. ഐ.ടി.ഐ</u>**<br><br>**ഈ പ്രവൃത്തിക്ക് 609.24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിയുടെ Architectural Drawing - 06/05/2024 ന് പൂർത്തീകരിച്ചു. ഇതിന്റെ മണ്ണ് പരിശോധന 13/03/2024-ന് പൂർത്തിയായിട്ടുണ്ട്. ആയത് പ്രകാരമുള്ള Design Drawing തയ്യാറാക്കി വരുന്നു.** |

സെക്ഷൻ ഓഫീസർ